

വാല്യം - 2

എഡിറ്റർ ഡോ. അനിൽ വള്ളത്തോൾ

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
പ്രസിദ്ധീകരണം

# വള്ളത്തോളിന്റെ
# സഞ്ചാരപഥങ്ങൾ

വാല്യം - 2

# വള്ളത്തോളിന്റെ സഞ്ചാരപഥങ്ങൾ

വാല്യം - 2

ആശംസകളോടെ

11/05/22

എഡിറ്റർ

ഡോ. അനിൽ വള്ളത്തോൾ

പ്രോജക്ട് അസിസ്റ്റന്റ്

ഡോ. ശുഭ കെ.

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
പ്രസിദ്ധീകരണം

വള്ളത്തോളിന്റെ സഞ്ചാരപഥങ്ങൾ

വാല്യം - 2

•

എഡിറ്റർ: ഡോ. അനിൽ വള്ളത്തോൾ

© തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
അക്ഷരം കാമ്പസ്, വാക്കാട് പി.ഒ., തിരൂർ,
മലപ്പുറം, കേരള - 676 502
വില : 670/-
പ്രസിദ്ധീകരിച്ച വർഷം : മേയ് 2022
അച്ചടി: കെ.ബി.പി.എസ് കാക്കനാട്
കവർ ഡിസൈൻ: ലിജീഷ് എം.ടി.
ലിപിവിന്യാസം: അജിത, സുപ്രിയ
പ്രസാധനം:
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
ഇ - മെയിൽ : malayalasarvakalasala@gmail.com
ISBN: 978-93-91808-16-7

Vallatholinte Sanjarapadhangal
Vol-2

•

Editor : Dr. Anil Vallathol
© Thunchath Ezhuthachan Malayalam University
Aksharam, Vakkad P.O., Tirur,
Malappuram Dist., Kerala - 676 502
Price Rs. 670 /-
First published : May 2022
Printed at : K.B.P.S., Kakkanad.
Cover designed by : Lijeesh M.T.
Type setting : Ajitha, Supriya
Published by :
Thunchath Ezhuthachan Malayalam University
e-mail : malayalasarvakalasala@gmail.com
ISBN: 978-93-91808-16-7

No part of this book shall be reproduced in print or any other form of transmission without the written permission of the publisher, except for those purposes allowed by copyright law

# ഉള്ളടക്കം

## ഓർമ


1. **വള്ളത്തോളിനെ പെറ്റമണ്ണിൽ** 15
എം.ആർ.ബി

2. **മഹാനുഭാവനായ കവി** 23
ഡോ. വി.ആർ. മേനോൻ

3. **മധുരസ്മരണകൾ: വള്ളത്തോളിന്റെ കൂടെ** 30
മധുരവനം സി. കൃഷ്ണക്കുറുപ്പ്

4. **വള്ളത്തോളിലെ ഞാൻ** 43
ഒ.എം.സി നാരായണൻ നമ്പൂതിരിപ്പാട്

5. **വള്ളത്തോളിന്റെ കൂടെ മദിരാശിയിൽ** 50
എ. മാധവൻ

6. **ഓർക്കുമ്പോഴെല്ലാം...** 60
ടി.എൻ. ഗോപിനാഥൻ നായർ

7. **എന്റെ വള്ളത്തോൾ** 66
എ.വി. ശങ്കരൻ

8. **മഹാകവിയും കലാമണ്ഡലവും** 82
ഗോപിനാഥ്

9. **മഹാകവി വള്ളത്തോൾ; ചില മായാത്തസ്മരണകൾ** 88
എൻ. ആർ. നായർ

10. **മഹാകവി വള്ളത്തോൾ പത്നിയുടെ ദൃഷ്ടിയിൽ** 100
എ. ബാലകൃഷ്ണവാരിയർ

## വിചാരം


11. **വള്ളത്തോളിന്റെ ചില ചിത്രങ്ങൾ** 117
വി. ഉണ്ണികൃഷ്ണൻനായർ

12. **വ്യംഗ്യാർത്ഥത്തിന്റെ സദ്ഭാവം** 123
ഡോ: പി.കെ. നാരായണപിള്ള

13. **വള്ളത്തോൾക്കൃതികളും ദേശീയപ്രസ്ഥാനവും** 130
ഇ.എം.എസ്സ്. നമ്പൂതിരിപ്പാട്

14. **വള്ളത്തോൾസാഹിത്യം** 152
എൻ.പി. ദാമോദരൻ

15. **വള്ളത്തോൾ കവിതയുടെ സ്തോഭജനകത്വം** 158
സി.പി. കൃഷ്ണനെളയത്

16. **വള്ളത്തോളിന്റെ കാവ്യദർശനം** 165
പ്രൊഫ. എ. ബാലകൃഷ്ണവാരിയർ

17. **വള്ളത്തോൾക്കവിത** 180
വെളുത്താട്ട് നാരായണൻ നമ്പൂതിരി

18. **ദശവിധ ചമൽക്കാരം-വള്ളത്തോൾക്കവിതയിൽ** 193
സി.എസ്. നായർ

19. **വള്ളത്തോൾ പ്രതിഭ** 201
കൊളാടി ഗോവിന്ദൻകുട്ടി

20. **വള്ളത്തോൾ കവിതയിൽ കാലികവും കാലാതിവർത്തിയുമായ അംശങ്ങൾ** 206
പി.കെ. ഗോപാലകൃഷ്ണൻ

21. **വള്ളത്തോൾ: സ്വാതന്ത്ര്യഗായകൻ** 212
കീഴേടത്ത് വാസുദേവൻ നായർ ബി.ഏ.

22. **രസധ്വനിയും അലങ്കാരവും** 219
ഡോ. പി. കെ. നാരായണപ്പിള്ള

23. **നമ്മുടെ മഹാകവി** 229
ടി.എൻ. ഗോപിനാഥൻ നായർ

24. ജീവിതോപാസകനായ കവി 233
എം.എസ്. മേനോൻ

25. വള്ളത്തോളിന്റെ ഭാഷാസേവനം 242
ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ

26. വള്ളത്തോൾക്കവിതയിലെ സാമൂഹ്യദർശനം 257
പി.കെ. ഗോപാലകൃഷ്ണൻ

27. വള്ളത്തോൾക്കവിതയിലെ ശുഭപ്രതീക്ഷ 267
വി.വി.

28. സ്വാതന്ത്ര്യം സാക്ഷാൽ മോക്ഷം 277
എ.പി. ഉദയഭാനു

29. യുഗപ്രഭാവനായ വള്ളത്തോൾ 282
എം.എസ്. ദേവദാസ്

30. വള്ളത്തോളിന്റെ ഭാവഗാനങ്ങൾ 295
പി.എ. വാരിയർ

31. വള്ളത്തോളും കഥകളിയും 299
പി.എസ്. വാരിയർ

32. വള്ളത്തോളിന്റെ കലാപരിപോഷണം 321
ഡോ. ശുഭ

## അനുഭവം

33. ഋതുവിലാസം 327
പ്രൊഫ. മാവേലിക്കര അച്യുതൻ

34. അനിരുദ്ധൻ 333
ഡോ. ചേലനാട്ട് അച്യുതമേനോൻ

35. ചിത്രയോഗം - വള്ളത്തോൾക്കവിതയുടെ വളർച്ചയുടെ ഒരു ഘട്ടം 346
കെ. വാസുദേവൻ നമ്പൂതിരിപ്പാട്

36. വള്ളത്തോളിന്റെ ഖണ്ഡകൃതികൾ 358
സി.കെ. മൂസ്സത്

37. പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കി 374
കെ.എം. ജോർജ്

38. മഗ്ദലനമറിയവും കൊച്ചുസീതയും-വള്ളത്തോൾ
കവിതയിലെ ഇമേജുകളെക്കുറിച്ചൊരു പഠനം 383
വിഷ്ണുനാരായണൻ നമ്പൂതിരി

39. അച്ഛനും മകളും 390
ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ

40. ബന്ധനസ്ഥനായ അനിരുദ്ധൻ 400
ഇ.കെ. പുരുഷോത്തമൻ

41. ശിഷ്യനും മകനും 417
എ.പി.പി. നമ്പൂതിരി

42. വള്ളത്തോളിന്റെ തോണിയാത്ര 425
(ഒരു സെമിയോട്ടിക് വായന)
ഡോ. അനിൽ വള്ളത്തോൾ

അനുബന്ധം 443
വള്ളത്തോൾ- ജീവിതവും കൃതികളും
ഒരു കാലക്രമണിക (1878 - 1858)

# വള്ളത്തോളിന്റെ കലാപരിപോഷണം

ഡോ. ശുഭ

ചരിത്രരേഖകളിൽ നാമമാത്രമായി അടയാളപ്പെട്ടുകിടന്നിരുന്ന കേരളീയ കലകളെ അവയുടെ പ്രൗഢിയും തനിമയും ചോർന്നു പോകാതെ അരങ്ങിലേക്ക് വീണ്ടെടുത്ത മഹാനുഭാവനാണ് വള്ളത്തോൾ നാരായണമേനോൻ. കേവലം ഒരു കേരളീയ കലാരൂപമെന്നതിലുപരി കഥകളിയ്ക്ക് രാജ്യാന്തര പ്രശസ്തി നേടിക്കൊടുത്തത്; മൺമറഞ്ഞുപോകുമായിരുന്ന മോഹിനിയാട്ടമെന്ന ലാസ്യനൃത്തകലയ്ക്ക് പുനർജ്ജന്മം നൽകിയത്. -ഇങ്ങനെ വള്ളത്തോളിനെ അവിസ്മരണീയനാക്കുന്ന ഘടകങ്ങൾ നിരവധിയാണ്. കലാപരിപോഷണം ജീവിതത്തിലെ പ്രമുഖമായൊരു ലക്ഷ്യമാക്കുന്നതിന് പാണ്ഡിത്യത്തെക്കാളേറെ സഹൃദയത്വവും പൈതൃകവാസനയുമാകും അദ്ദേഹത്തിന് സഹായകമായിട്ടുണ്ടാവുക. പരിഷ്കാരാഭിവർദ്ധിനി, സദാനന്ദസന്ദായിനി എന്നീ പേരുകളിൽ കലാസംഘങ്ങൾ രൂപീകരിക്കുകയും തിരൂരിലും പരിസരപ്രദേശങ്ങളിലും സഞ്ചരിച്ച് പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തിരുന്ന കടുങ്ങോട്ടുമല്ലിശ്ശേരി ദാമോദരൻ ഇളയത് എന്ന കലാസ്നേഹിയായിരുന്നുവല്ലോ വള്ളത്തോളിന്റെ പിതാവ്. പിതാവിനൊപ്പം ബാല്യം മുതൽക്കുതന്നെ കഥകളിയും മറ്റു നാട്ടുകലാരൂപങ്ങളും കണ്ടു വളർന്ന വള്ളത്തോളിന് അത്യന്തം ആസ്വാദ്യങ്ങളായ അത്തരം കലാരൂപങ്ങൾ മൺമറഞ്ഞു പോകുന്നത് നിസ്സംഗതയോടെ കണ്ടു നിൽക്കാനാവുമായിരുന്നില്ല. പാരമ്പര്യം കൊണ്ടും പരിചയം കൊണ്ടും അദ്ദേഹത്തിന് കഥകളിയിൽ ഉണ്ടായിത്തീർന്ന ഭ്രമം പിന്നീട് കേരളകലാമണ്ഡലം എന്ന സ്വപ്ന പദ്ധതിയായി വികാസം പ്രാപിക്കുകയാണുണ്ടായത്.

സാഹിത്യരംഗത്ത് സർഗ്ഗാത്മകമായ നിരവധി രചനകൾ സംഭാവനചെയ്യുമ്പോഴും കലാപ്രവർത്തനങ്ങൾക്കായി സമയം കണ്ടെത്താൻ കഴിഞ്ഞു എന്നത് നിസ്സാരമായ കാര്യമല്ല. വളരെയധികം ത്യാഗങ്ങൾ സഹിച്ച് അദ്ദേഹം പടുത്തുയർത്തിയ 'കേരളകലാമണ്ഡലം' എന്ന സ്ഥാപനത്തിലൂടെയാണ് വള്ളത്തോളിന്റെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ ലക്ഷ്യം കണ്ടത്. ആ മഹാപ്രതിഭയുടെ അശ്രാന്തപരിശ്രമവും ഒരു കൂട്ടം കലാകാരന്മാരുടെ അർപ്പണബോധവും ഒത്തു ചേർന്നപ്പോൾ 'കേരളകലാമണ്ഡല'ത്തിൽ കേരളത്തിന്റെ കലാമേഖല നിറക്കൂട്ടുകൾ അണിഞ്ഞ് ഉയിർത്തെഴുന്നേറ്റു.

കഥകളി, നൃത്തം, സംഗീതം, വാദ്യം, തുള്ളൽ തുടങ്ങി നാടകം
വരെ കലയുടെ എല്ലാ മേഖലകളിലും വള്ളത്തോൾ കാര്യക്ഷമ
മായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. കഥകളിയുടെ ഉടുത്തുകെ
ട്ടുമുതൽ മനോധർമ്മം ആടുന്നതടക്കമുള്ള കാര്യങ്ങളിൽ വള്ള
ത്തോൾ കലാകാരന്മാർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുമാ
യിരുന്നുവത്രേ. ഔചിത്യബോധത്തോടെ ദീർഘങ്ങളായ ആട്ടക്ക
ഥാഭാഗങ്ങൾ സംഗ്രഹിക്കുന്നതിനും ഭാവപ്രധാനങ്ങളായ ഭാഗങ്ങൾ
തിരഞ്ഞെടുത്ത് ആടുന്നതിനും വള്ളത്തോളിന്റെ പാണ്ഡിത്യം നട
ന്മാർക്ക് സഹായകമായിട്ടുണ്ട്. ഹസ്ത ലക്ഷണ ദീപിക പോലുള്ള
അടിസ്ഥാന ശാസ്ത്ര ഗ്രന്ഥങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി
പ്രയോഗത്തിൽ കൊണ്ടുവരികവഴി മുദ്രാപ്രയോഗങ്ങളുടെ കാര്യ
ത്തിൽ. വിനിയോഗങ്ങളുടെ കാര്യത്തിൽ കൂടുതൽ കൃത്യത കൈവ
രിക്കാൻ കലാമണ്ഡലത്തിലെ കലാകാരൻമാർക്ക് സാധിച്ചു. ആസ്വാ
ദക സംതൃപ്തിക്ക് പ്രാധാന്യം കൊടുത്തുകൊണ്ട്. രാത്രിമുഴുവൻ
നീണ്ടുനിൽക്കുന്ന കഥകൾ കലാമർമജ്ഞതയോടെ വെട്ടിക്കുറച്ച്
രണ്ടോ മൂന്നോ മണിക്കൂറാക്കി അവതരിപ്പിക്കുന്ന രീതി വള്ളത്തോ
ളിന്റെ മേൽനോട്ടത്തിൽ പരീക്ഷിക്കപ്പെടുകയുണ്ടായി. കഥകളിസം
ഗീതത്തിൽ ഹാർമോണിയം ഉപയോഗപ്പെടുത്തിയും, സ്ത്രീവേഷം
ആടുമ്പോൾ മദ്ദളത്തിന്റെ കൂടെ ഇടയ്ക്ക വായിക്കാൻ തുടങ്ങിയും.
പകൽക്കേളി, ഇരട്ട മേളപ്പദം എന്നിങ്ങനെ സർഗ്ഗാത്മകമായ നിര
വധി പരിഷ്കരണങ്ങൾ കൊണ്ടുവന്നും കഥകളിയെ സുഘടിത
മായ ഒരു കലയാക്കി വളർത്തിക്കൊണ്ടുവരാൻ വള്ളത്തോളിനു സാ
ധിച്ചു.

കേരളീയ നൃത്തകലയായ മോഹിനിയാട്ടത്തിന്റെ പുനരുദ്ധാരണത്തിന് ചരിത്രപരമായി രണ്ടു ഘട്ടങ്ങളുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് മഹാരാജാ സ്വാതിതിരുനാളിന്റെ പ്രയത്നഫലമായി ഒരു ശാസ്ത്രീയ നൃത്തകലയായി മോഹിനിയാട്ടം വികാസം പ്രാപിച്ചത് ആദ്യഘട്ടം. പിന്നീട് വന്ന അപചയങ്ങളെല്ലാം തരണം ചെയ്ത് വള്ളത്തോളിന്റെ നേതൃത്വത്തിൽ അരിഷ്ടതകൾ മാറ്റി സൗന്ദര്യാത്മകമായ വീണ്ടെടുപ്പിന്റേത് രണ്ടാം ഘട്ടം. "മോഹിനിയാട്ട"മെന്ന പേരുപോലും ദുഷിച്ചുപോയിരുന്ന സാഹചര്യത്തിൽ 'കൈരളീനൃത്ത'മെന്ന പേരിൽ മോഹിനിയാട്ടത്തെ പുനർനാമകരണം ചെയ്ത് കേരളകലാമണ്ഡലത്തിൽ പാഠ്യവിഷയമാക്കാമെന്നായിരുന്നു വള്ളത്തോളിന്റെ തീരുമാനം. പിന്നീട് മോഹനമായ ആ കലയ്ക്ക് മോഹിനിയാട്ടമെന്ന പേരുതന്നെയാണ് യോജിക്കുന്നതെന്നു മനസ്സിലാക്കി തീരുമാനം മാറ്റുകയായിരുന്നു. തൃശ്ശൂർ പാലക്കാട് ഭാഗങ്ങളിലായി മോഹിനിയാട്ടം അറിയാവുന്നവർ ഉണ്ടെന്നറിഞ്ഞ വള്ളത്തോൾ അവരെ കണ്ടെത്താനുള്ള ശ്രമം നടത്തിയെങ്കിലും സാംസ്കാരികമായി ഏറെ അധഃപതിച്ചു കഴിഞ്ഞിരുന്ന ആ കല അറിയാമെന്ന് സമ്മതിക്കാൻ പോലും ആരും തയ്യാറായിരുന്നില്ല. ഏറെ നാളത്തെ അന്വേഷണങ്ങൾക്കൊടുവിൽ പെരിങ്ങോട്ടുകുറിശ്ശിയിൽ ഒരിക്കലേടത്തു കല്ല്യാണിയമ്മയെ അധ്യാപികയായി നിയമിക്കാൻ സാധിച്ചു. എന്നിട്ടും മാസങ്ങൾ കഴിഞ്ഞാണ് ഒരു വിദ്യാർത്ഥിനിയെ സംഘടിപ്പിക്കാൻ കഴിഞ്ഞത്. ഇപ്രകാരം ശ്രമകരമായ ഒരു ദൗത്യം തന്നെയായിരുന്നു മോഹിനിയാട്ട സമുദ്ധാരണാർത്ഥം വള്ളത്തോൾ ഏറ്റെടുത്തത്. താടകാവധം, വിക്രമോർവ്വശീയം എന്നീ ആട്ടക്കഥകളുടെ കർത്താവും കലാനിപുണനുമായ വി. കൃഷ്ണൻ തമ്പിയുടെ നിർദ്ദേശപ്രകാരം മോഹിനിയാട്ടത്തിന്റെ വേഷവിധാനത്തിലും കേശബന്ധത്തിലും ഒക്കെ ഹൃദ്യങ്ങളായ പരിഷ്കാരങ്ങൾ വരുത്താൻ വള്ളത്തോളിനു സാധിച്ചു. നർത്തകിയോടൊപ്പം രംഗത്തുടനീളം നടന്നിരുന്ന നട്ടുവന് അരങ്ങിന്റെ വലതുഭാഗത്ത് സ്ഥാനം നൽകിയതും വാദ്യോപകരണങ്ങളിൽ തൊപ്പിമദ്ദളം വേണ്ടെന്നു വെച്ച് മൃദംഗത്തിന് സ്ഥാനം നൽകിയതും ആംഗികാഭിനയത്തിൽ താന്ത്രികത്തിനു പുറമേ ഗ്രാമ്യമുദ്രകൾക്ക് സ്ഥാനം കൊടുത്തതും വള്ളത്തോളിന്റെ നിർദ്ദേശപ്രകാരമായിരുന്നു.

കഥകളിയോടൊപ്പം തന്നെ കഥകളി സംഗീതത്തിനും കർണ്ണാ

ടകസംഗീതത്തിനും വള്ളത്തോൾ ശ്രദ്ധ നൽക്കുകയുണ്ടായി. കലാമണ്ഡലത്തിലെ പ്രഥമ സംഗീതാധ്യാപകനായ പുലാപ്പറ്റ കുട്ടൻമാരാർ, കാവശ്ശേരി സ്വാമിക്കുട്ടി ഭാഗവതർ, നീലകണ്ഠൻ നമ്പീശൻ തുടങ്ങി പ്രഗൽഭരായ നിരവധി സംഗീത വിദ്വാൻമാരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ കഴിവുകളെ പുതിയ തലമുറയ്ക്കായി വേണ്ടവിധത്തിൽ ഉപയോഗപ്രദമാക്കുകയും ചെയ്തു വള്ളത്തോൾ. ഇക്കൂട്ടത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന പേരാണ് വെങ്കിടകൃഷ്ണ ഭാഗവതരുടേത്. അദ്ദേഹത്തിന്റെ ശ്രമഫലമായാണ് കർണ്ണാടകസംഗീതത്തിന്റെ രാഗശുദ്ധി കഥകളി സംഗീതത്തോട് കൂട്ടിയിണക്കപ്പെട്ടത്.

കേരളത്തിന്റെ സാംസ്കാരിക മേഖലയിൽ ഒഴിച്ചുകൂടാനാവാത്ത സ്ഥാനമുണ്ട് വാദ്യ കലകൾക്ക്. അനുഷ്ഠാനപരമായും വിനോദപരമായും മാത്രം നിലനിൽക്കുകയായിരുന്നുവെങ്കിൽ അവയ്ക്ക് ഇന്നു കാണുന്ന ശാസ്ത്രീയത കൈവരിക്കാനാവുമായിരുന്നില്ല. ഒരു പാഠ്യപദ്ധതി ഉണ്ടാവുകയും അത് ചിട്ടയായി അഭ്യസിക്കുകയും ചെയ്യുമ്പോഴാണ് ഏതൊരു കലാരൂപവും കൂടുതൽ ശാസ്ത്രീയമാവുന്നത്. വള്ളത്തോളിന്റെ കഥകളി സമുദ്ധാരണ പ്രവർത്തനങ്ങൾക്ക് സമാന്തരമായി വാദ്യകലയും വികാസം പ്രാപിക്കുകയുണ്ടായി. 1930 കളിൽ ശ്രീനിവാസം ബംഗ്ലാവിൽ കലാമണ്ഡലം പ്രവർത്തിച്ചിരുന്ന കാലത്ത് തന്നെ കഥകളിയോടൊപ്പം പാട്ടും ചെണ്ടയും മദ്ദളവും വെവ്വേറെ വിഷയങ്ങളായി പഠിപ്പിക്കാൻ തുടങ്ങിയിരുന്നു. ചെണ്ട വിദ്വാനായിരുന്ന ഗുരുവായൂർ കുട്ടൻമാരാർ, മൂത്തമനകേശവൻ നമ്പൂതിരി, നെല്ലുവായിൽ ഗോവിന്ദൻനായർ തുടങ്ങിയ പ്രഗൽഭരായ വാദ്യകലാകാരന്മാർ വള്ളത്തോളിന്റെ നിർദ്ദേശപ്രകാരം കലാമണ്ഡലത്തിൽ അധ്യാപനം ചെയ്തിട്ടുള്ളവരാണ്. മദ്ദളാചാര്യന്മാരായ തിരുവില്വാമല വെങ്കിച്ചൻ സ്വാമി, മാധവവാര്യർ, വെള്ളാറ്റഞ്ഞൂർ, ശങ്കരൻ നമ്പീശൻ, രാമൻ നമ്പീശൻ തുടങ്ങിയ കലാകുതുകികളും വാദ്യകലയുടെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുകയും തങ്ങളുടേതായ സംഭാവനകൾ നൽകുകയും ചെയ്തവരാണ്.

കൂത്ത്, കൂടിയാട്ടം പോലെ അനുഷ്ഠാനബദ്ധമായിക്കിടന്നിരുന്ന ക്ഷേത്രകലകളെയും സംരക്ഷിക്കുന്നതിന് വള്ളത്തോളിന് അതിയായ ആഗ്രഹമുണ്ടായിരുന്നു. യാഥാസ്ഥിതികരുടെ ശക്തമായ

എതിർപ്പിനെത്തുടർന്ന് ആ ആഗ്രഹം അദ്ദേഹത്തിന് സാധിച്ചെടുക്കാൻ കഴിയാതെ പോയി. എന്നാൽ ജവഹർലാൽ നെഹ്റുവിന്റെ നിർദ്ദേശപ്രകാരം കേന്ദ്ര സംഗീതനാടക അക്കാദമിയുടെ ധനസഹായത്തോടെ 'തുള്ളൽ' ഒരു പാഠ്യവിഷയമാക്കി കലാമണ്ഡലത്തിൽ അഭ്യസിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു,

1931 മുതൽ 1934 വരെ 'കലാകൗമുദി' എന്നൊരു നാടകസംഘം പ്രവർത്തിക്കുകയുണ്ടായി. പൂർണ്ണമായും വള്ളത്തോളിന്റെയോ കേരളകലാമണ്ഡലത്തിന്റെയോ കീഴിൽ അല്ലായിരുന്നു അത് പ്രവർത്തിച്ചിരുന്നത് എങ്കിലും ആ നാടകസംഘത്തിലേക്ക് വേണ്ട എല്ലാവിധ സഹായസഹകരണങ്ങളും വള്ളത്തോൾ നൽകിയിരുന്നു. അതിലെ ഭൂരിഭാഗം അഭിനേതാക്കളും കലാമണ്ഡലത്തിലെ കുട്ടികൾ തന്നെയായിരുന്നു. സംഘത്തിന്റെ ചിലവും കലാമണ്ഡലം വഹിച്ചിരുന്നു. നൂർജഹാൻ, ഷാജഹാൻ എന്നിങ്ങനെ ചരിത്രപ്രാധാന്യമുള്ള നാടകങ്ങൾ കലാകൗമുദി അരങ്ങിലെത്തിച്ചിട്ടുണ്ട്.

കഥയറിഞ്ഞ് ആട്ടം കാണണം എന്നതു പോലെ നിർബന്ധമായിരുന്നു വള്ളത്തോളിനെ സംബന്ധിച്ചിടത്തോളം 'കഥയറിഞ്ഞ്' ആടണം എന്നുള്ളതും. കലാരൂപങ്ങളുടെ രംഗപാഠങ്ങൾ പഠിക്കുന്നതോടൊപ്പം തന്നെ അതിന്റെ സാഹിത്യവശങ്ങളിലും കലാകാരന്മാർക്ക് ധാരണയുണ്ടാവണമെന്ന് വള്ളത്തോൾ നിഷ്കർഷിച്ചു. സാഹിത്യകാരനും നിരൂപകനുമായ കുട്ടികൃഷ്ണമാരാരെ ഇതിനായി വള്ളത്തോൾ നിയോഗിച്ചു. കലാകാരന്മാരുടെ അഭിനയപാടവം വളർത്താൻ ഇത് സഹായകമായി. പ്രകടനതലത്തിൽ പുരോഗമനപരമായ നിരവധി പരീക്ഷണങ്ങൾക്ക് ഇത് വഴിവെച്ചു. കലാകാരന്മാർ പ്രകടനതലത്തിൽ മാത്രമല്ല സൈദ്ധാന്തികതലത്തിലും അടിത്തറയുള്ളവരായിത്തീർന്നു.

കലാപഠനങ്ങളെ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കാൻ കഴിഞ്ഞു എന്നതാണ് വള്ളത്തോളിന്റെ കലാപ്രവർത്തനങ്ങളുടെ സുപ്രധാനനേട്ടം. സംസർഗ്ഗം കൊണ്ടും സംയോഗം കൊണ്ടും കലാരംഗത്ത് സൗന്ദര്യാത്മക മാറ്റങ്ങൾ ഇതുകൊണ്ട് സാധ്യമായി. കലകളുടെ പരസ്പര വിനിമയത്തിലൂടെ, ചിട്ടയായ അഭ്യാസത്തിലൂടെ കലാലോകത്ത് അനന്തസാധ്യതകൾ തുറന്നിടുകയായിരുന്നു അദ്ദേഹം.